


**മികവിൽ നിന്നും മികവിലേക്ക്**

നിങ്ങളുടെ കുട്ടികളെ ഈ മികവിൻ
കേന്ദ്രത്തിലേക്ക് ക്ഷണിക്കുന്നു

**പ്രീ പ്രൈമറി അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

(4 വയസ്സ് മുതൽ 5 വയസ്സുവരെ)

പ്രീ പ്രൈമറി മുതൽ
നാലാം ക്ലാസ് വരെയുള്ള

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**



ഫോൺ നമ്പർ : 9947933767
9747303360, 9744360890



ആശംസകളോടെ...

Chengalayi Bank

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
- എല്ലാവിധ ബാങ്കിംഗ് സൗകര്യം
- ലോക്കർ സൗകര്യം
- സെൻട്രലൈസ്ഡ് കോർബാങ്കിംഗ്
- RTGS/NEFT സംവിധാനം
- കാർഷിക-കാർഷികേതര വായ്പകൾ
- വിവിധ സലകളിലുള്ള MDS

ക്ലാസ്സ് 1

**ചെങ്ങളായി സർവ്വീസ് സഹകരണ ബേങ്ക് ലി.**

ക്ലിപ്തം നമ്പർ. സി.101

ചെങ്ങളായി. പി.ഒ., കണ്ണൂർ ജില്ല, ഫോൺ-0460 2230330
ശാഖ : പരിപ്പായി - ഫോൺ: 0460 2232330
ശാഖ : ചേരംകുന്ന് - ഫോൺ: 0460 2231330



സെക്രട്ടറി
ഇ വി ഷാജി

പ്രസിഡന്റ്
ടി.ഒ.ശാർങ്ങ്ധരൻ


ഗവ: എൽ.പി സ്കൂൾ പരിപ്പായി വിദ്യാരംഗം കലാസാഹിത്യവേദിക്കുവേണ്ടി എംവി നാരായണൻ, ശ്രീകണ്ഠപുരം മലബാർ പ്രിന്റിംഗ് പ്രസിൽ നിന്നും അച്ചടിച്ചിറക്കിയത്.

"ശ്രേഷ്ഠ ഭാഷ മലയാളം"
മണിനാദം പോൽ മധുരം നമ്മുടെ മലനാട്ടിൻമൊഴി മലയാളം

# പരിപ്പായി വസന്തം

## ഇൻലന്റ് മാസിക

ഗവ: എൽ.പി സ്കൂൾ പരിപ്പായി
വിദ്യാരംഗം കലാസാഹിത്യവേദി പ്രസിദ്ധീകരണം
e-mail: glpsparippayi@gmail.com
Visit us in facebookglpsparippayi

സ്വീകർത്താവ്
സ്റ്റാമ്പ്
..........................................
..........................................
..........................................
..........................................

ഗവ. എൽ.പി സ്കൂൾ പരിപ്പായി
പി.ഒ. ചെങ്ങളായി, കണ്ണൂർ ജില്ല-670 631
ഫോൺ : 0460 2231190, 9947933767

ലക്കം-3 (2023 മാർച്ച്)

## ഹാപ്പി ഡ്രിംഗ്സ്




കൃത്രിമ ഭക്ഷണങ്ങളോടും പാനീയങ്ങളോടും ഏറെ താല്പര്യമുള്ളവരാണ് നമ്മുടെ കുട്ടികൾ. കോവിഡ് കാലം ഈ ശീലത്തിന് ആക്കം കൂട്ടുകയും ചെയ്തു. ഇത്തരം ശീലങ്ങൾ കൊണ്ടുതന്നെ നമ്മുടെ കുട്ടികൾ പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കുട്ടികൾ അനുഭവിക്കുന്ന പോഷക ദാരിദ്ര്യത്തെ മറികടന്ന് ശീലങ്ങൾ മാറ്റി പുത്തൻ പ്രകൃതി പാനീയങ്ങൾ തയ്യാറാക്കി ഉപയോഗിക്കുന്നതിനും ശീലമാക്കുന്നതിനുമുള്ള പരിപാടിയാണ് ഹാപ്പി ഡ്രിംഗ്സ്. ഇതിന്റെ ബി.ആർ.സി തല ഉദ്ഘാടനം നമ്മുടെ സ്കൂളിൽ വച്ചാണ് നടന്നത്. ചെങ്ങളായി ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം എം പ്രജോഷിന്റെ അധ്യക്ഷതയിൽ ചെങ്ങളായി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെഎം ശോഭന ടീച്ചർ ഈ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഇരിക്കൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പി കെ ഗിരീഷ് മോഹൻ മുഖ്യ പ്രഭാഷണം നടത്തി. ഇരിക്കൂർ ബിപിസി ടി.വി.ഒ സുനിൽകുമാർ പദ്ധതി വിശദീകരണം നടത്തി. സി.ആർ.സി കോഡിനേറ്റർ കെ സതീദേവി, പിടിഎ പ്രസിഡണ്ട് കെ വി സജി, എം പി ടി എ പ്രസിഡണ്ട് ടി വിനിഷ, എസ്.എസ്.ജി കൺവീനർ ടിവി കുഞ്ഞികൃഷ്ണൻ, സീനിയർ അസിസ്റ്റന്റ് കെ.വി അനിത, സ്കൂൾ ലീഡർ കുമാരി അഞ്ജന എന്നിവർ ആശംസകൾ നേർന്നു. ഹെഡ്മാസ്റ്റർ എം.വി നാരായണൻ സ്വാഗതവും എ.നിഷ നന്ദിയും പറഞ്ഞു. തുടർന്ന് നാടൻ പാനീയങ്ങൾ നിർമ്മിക്കുന്ന ശില്പശാല നടന്നു. 35 വൈവിധ്യങ്ങളായ നാടൻ പാനീയങ്ങൾ ഉണ്ടാക്കി കുട്ടികളെ പരിചയപ്പെടുത്തി. നിർമ്മാണങ്ങൾ എഴുതി അവതരിപ്പിച്ചു. രക്ഷിതാക്കൾ, എസ് എസ് ജി അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, നാട്ടുകാർ എന്നിവരുടെ സജീവമായ സാന്നിധ്യം പരിപാടിയെ മികവുറ്റതാക്കി തീർത്തു.

### എസ്.എസ്.ജി ഭാരവാഹികൾ



പി.വി. കുഞ്ഞിക്കൃഷ്ണനൻ
കൺവീനർ



സി.മറിയം
ജോ: കൺവീനർ

## വാങ്മയം

വിദ്യാരംഗം കലാ സാഹിത്യവേദിയുടെ വാങ്മയം പ്രതിഭാ നിർണയ പരീക്ഷ നമ്മുടെ സ്കൂളിലും നടന്നു. ഒന്നാം സ്ഥാനം പി വി കൃഷ്ണരാഗ്, രണ്ടാം സ്ഥാനം പി ഇഷാനി, മൂന്നാം സ്ഥാനം ഇ അഞ്ജന നേടി. പി വി കൃഷ്ണരാഗും പി ഇഷാനിയും ഉപജില്ലാ മത്സരത്തിൽ പങ്കെടുത്തു.



പി.വി.കൃഷ്ണരാഗ്



പി.ഇഷാനി



ഇ.അഞ്ജന



## മികവ് അവതരണം

ഇരിക്കൂർ ഉപജില്ലാതല മികവ് അവതരണം ഇരിക്കൂർ ബി.ആർ.സിയിൽ വെച്ച് നടന്നു. നമ്മുടെ സ്കൂളിനെ പ്രതിനിധീകരിച്ച് പരിപ്പായി വസന്തം ഇൻലന്റ് മാസിക എന്ന മികവിന്റെ അവതരണം പി നദീറ ടീച്ചർ നടത്തി. മികച്ച രീതിയിൽ അവതരിപ്പിക്കാൻ ടീച്ചർക്ക് സാധിച്ചു. അഭിനന്ദനങ്ങൾ



## എഡിറ്റോറിയൽ

ഇ.അഞ്ജന

പ്രിയരേ,

ഒരു അധ്യയന വർഷം ഇവിടെ അവസാനിക്കുകയാണ്.

കൂട്ടുകാരുടേയും രക്ഷിതാക്കളുടേയും നാട്ടുകാരുടേയും ഭാവനകൾക്ക് പുതുമയേകാൻ പരിപ്പായി വസന്തത്തിലൂടെ സാധിക്കുന്നുണ്ട്. വായനയെ പ്രോത്സാഹിപ്പിക്കാനുള്ള വിഭവങ്ങളും നൽകി. കൂട്ടുകാരുടെ കത്തുകൾ അടുത്ത ലക്കങ്ങളിൽ ഉൾപ്പെടുത്തും. ഏപ്രിൽ, മെയ് മാസങ്ങളിൽ ഇൻലാന്റ് മാസിക പ്രസിദ്ധീകരിക്കുന്നില്ല. അടുത്ത ജൂണിൽ വീണ്ടും കാണാം. പുതിയ വിദ്യാഭ്യാസ വർഷത്തിലേക്ക് സ്വാഗതം, നല്ലൊരു അവധിക്കാലം ആശംസിക്കുന്നു. റംസാൻ, വിഷു ആശംസകൾ

## റിപ്പബ്ലിക് ദിനം

റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. കെ വി സജിയുടെ അധ്യക്ഷതയിൽ എം വി നാരായണൻ പതാക ഉയർത്തി.ടി രാംദാസ്, കെ വി ശാന്ത, കെ വി അനിത എന്നിവർ സംസാരിച്ചു. ക്വിസ് മത്സരം ക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു. മധുരം വിതരണം ചെയ്തു.




കുട്ടികളുടെ പഠന വിടവ് ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ അടങ്ങിയ ശാക്തീകരണ പരിപാടിയാണ് ഇല. അതിന്റെ സ്കൂൾതല ഉദ്ഘാടനം കെ വി ഉഷാകുമാരിയുടെ അധ്യക്ഷതയിൽ ഇരിക്കൂർ ബി.പി.സി ടി.വി.ഒ സുനിൽകുമാർ നിർവഹിച്ചു. കെ.വി സജി, പി.വി കുഞ്ഞി കൃഷ്ണൻ, കെ.വി അനിത ഇ അഞ്ജന, എന്നിവർ ആശംസകൾ നേർന്നു. എം.വി നാരായണൻ സ്വാഗതവും എ നിഷ നന്ദിയും പറഞ്ഞു. കാഞ്ഞിരക്കൊല്ലി, ചൂട്ടാട് ബീച്ച്, വയലപ്ര എന്നിവിടങ്ങളിൽ ഫീൽഡ് ട്രിപ്പ് നടത്തി.

## അനുമോദിച്ചു



കെ.വി.അനിത ടീച്ചർ



ശ്രീയ പ്രകാശ്

കെഎസ്ടിഎ കണ്ണൂർ ജില്ലാ കമ്മിറ്റി നടത്തിയ ജില്ലാ കായികമേളയിൽ ഷോട്ട്പുട്ടിലും, 100 മീറ്റർ ഓട്ട മത്സരത്തിലും പങ്കെടുത്ത് സമ്മാനം നേടിയ കെ.വി അനിത ടീച്ചറേയും ഇരിക്കൂർ ഉപജില്ല കായികമേളയിൽ സമ്മാനം നേടിയ രണ്ടാം ക്ലാസിലെ ശ്രീയ പ്രകാശിനെയും അനുമോദിച്ചു. എംഎം പ്രജോഷിന്റെ അധ്യക്ഷതയിൽ കെ.എം. ശോഭന ടീച്ചർ ഉദ്ഘാടനം ചെയ്തു. എ ഇ ഒ പി കെ ഗിരീഷ് മോഹൻ സമ്മാനങ്ങൾ വിതരണം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. ബി.പി.സി സുനിൽകുമാർ, സി ആർ സി കോഡിനേറ്റർ സതീദേവി, കെ.വി സജി, ടി വിനീഷ, പി വി കുഞ്ഞികൃഷ്ണൻ, എ നിഷ, ഇ അഞ്ജന എന്നിവർ സംസാരിച്ചു.

## ചിത്രരചനാ മത്സരം സംഘടിപ്പിച്ചു



നവതേജ് കെ.സി



പി.വി.കൃഷ്ണരാഗ്



വേദിക.കെ.വി

ജൽജീവൻ മിഷന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ചിത്രരചന, കഥാ രചന, കവിതാ രചന മത്സരങ്ങൾ സംഘടിപ്പിച്ചു. പതിപ്പ് നിർമ്മാണ ത്തിൽ നമ്മുടെ സ്കൂളിന് രണ്ടാം സ്ഥാനം ലഭിച്ചു. പഞ്ചായത്തിൽ കഥാ രചനയിൽ ഒന്നാം സ്ഥാനം നമ്മുടെ സ്കൂളിലെ കെ സി നവതേജിനും രണ്ടാം സ്ഥാനം പി വി കൃഷ്ണരാഗിനും ലഭിച്ചു. ചിത്രരചനയിൽ ഒന്നാം ക്ലാസിലെ കെ വി വേദികയ്ക്ക് സമ്മാനം ലഭിച്ചു. ചെങ്ങളായി എയുപി സ്കൂളിൽ വച്ച് നടന്ന സമ്മാനദാനം പഞ്ചായത്ത് പ്രസിഡണ്ട് വി പി മോഹനൻ നിർവഹിച്ചു. പി വി രശ്മി, പി ദിൽന, കെ സി രസ്ന എന്നീ രക്ഷിതാക്കളും പങ്കെടുത്തു.

## ദേശീയ ശാസ്ത്ര ദിനം



സമുചിതമായി ആചരിച്ചു. ഗവൺമെന്റ് യുപി വയക്കരയിലെ ഇ.പി സുരേഷ് ബാബു മാസ്റ്റർ കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ എടുത്തു. വിവിധ പരീക്ഷണങ്ങൾ അവതരിപ്പിച്ചു. യുറീക്ക ക്വിസ് മത്സരം, പത്ര ക്വിസ് മത്സരം, പതിപ്പ് തയ്യാറാക്കൽ എന്നിവ സംഘടിപ്പിച്ചു.

## ശുചിത്വ സന്ദേശ യാത്ര



പരിപ്പായി എകെജി സ്മാരക ഗ്രന്ഥാലയം മുതൽ ചെങ്ങളായി ടൗൺ വരെ സംഘടിപ്പിച്ച ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ സന്ദേശ യാത്രയിൽ മൂന്ന്, നാല് ക്ലാസിലെ കുട്ടികളും സ്കൂൾ സ്റ്റാഫും പങ്കെടുത്തു. കുട്ടികൾ നടന്നുകൊണ്ട് കോൽക്കളി അവതരിപ്പിച്ചു. ചെങ്ങളായി ടൗണിൽ വച്ചും കോൽക്കളി കളിച്ചത് എല്ലാവരിലും മതിപ്പുളവാക്കി. ആർ. ഡി.ഒ പ്രത്യേകം അഭിനന്ദിച്ചു.





പി വി രാധാലക്ഷ്മി
പൂർവ്വ വിദ്യാർത്ഥിനി, പരിപ്പായി

## ഓർമ്മകൾക്ക് ചിറകു മുളക്കുമ്പോൾ

അച്ഛമ്മയുടെ വിരൽത്തുമ്പിലാടി ക്ലാസിലേക്ക് പോയ ആദ്യ നാളുകൾ ഓർമ്മയിൽ എത്തുന്നില്ല. പറഞ്ഞുകേട്ട അറിവാണത്. മൂന്നര വയസ്സിലെ കുട്ടികളുടെ കുറവ് നികത്താനായി കൊണ്ടിരുത്തപ്പെട്ട കുട്ടിയായിരുന്നു ഞാൻ. തൊണ്ടിൽ മണലുമായി എത്തി നിലത്തുനിരത്തി എഴുതിക്കുന്ന രീതിയായിരുന്നു അന്ന്. ക്രമേണ ഓർമ്മകൾ തെളിയുന്നു......

ഞങ്ങളിൽ ആരെങ്കിലും ഒരു ദിവസം ക്ലാസ്സിൽ എത്തിയില്ലെങ്കിൽ വീട്ടിലന്വേഷിച്ച് എത്തുന്ന നമ്പൂതിരി മാഷാണ് അച്ചടക്കത്തിന്റെയും ശുചിത്വത്തിന്റെയും ബാലപാഠം ഞങ്ങളെ പഠിപ്പിച്ചത്.

അധ്യാപനം ക്ലാസ് മുറിയിൽ ഒതുക്കാതെ മുറ്റത്ത് ഇറക്കി നിർത്തി അകലെ കാണുന്ന ഭരണിയിൽ കുന്നു ചൂണ്ടിക്കാട്ടി 'അകലെ നോക്കുക കുട്ടികളെ , അഴകിൽ കുന്നത കാണുന്നു .....

ആകാശത്തിൽ മുട്ടുന്നു ' ...... എന്ന് നേരിൽ കാണിച്ചു തന്ന് പാടി മനസ്സിൽ പതിച്ചു തരുന്ന കൃഷ്ണൻ മാഷിന്റെ ക്ലാസ് ആണ്. പുതിയ പാഠ്യ പദ്ധതിയുടെ പേരിൽ വാദ കോലാഹലങ്ങൾ നടക്കുമ്പോൾ എന്റെ ഓർമ്മയിൽ തെളിയുന്ന മറ്റൊരു രംഗം.

കുഞ്ഞപ്പ മാഷും ബാലൻ മാഷുമെല്ലാം എന്നെ പഠിപ്പിച്ചിരുന്നു. അച്ഛനുമായി സൗഹൃദത്തിൽ ആയിരുന്ന അധ്യാപകർ എല്ലാവരും തന്നെ വീട്ടിൽ വരാറുണ്ടായിരുന്നു. ഗുരുശിഷ്യ ബന്ധം എന്ന വാക്കിന്റെ അർത്ഥം പൂർണമായനുഭവിക്കാൻ കഴിഞ്ഞ ആ നല്ല കാലം ഒരിക്കലും മറക്കില്ല. തുടർന്ന് അങ്ങോട്ട് മൊയ്തീൻ മാഷും, ബാലകൃഷ്ണൻ മാഷും, കേളു മാഷും, ചിണ്ടൻകുട്ടി മാഷും എല്ലാവരും തന്നെ, നാടിനെ ഉണർത്തുന്ന സ്കൂളിന്റെ ജീവൻ തന്നെയായിരുന്നു.

ആദ്യമായി സ്കൂളിന്റെ വാർഷികം കഴിഞ്ഞത് ഇന്നലെയാണോ എന്ന് തോന്നുന്നു. രാവ് പുലരുവോളം കലാപരിപാടികൾ ഉണ്ടായിരുന്നു. ഞങ്ങൾ കൂട്ടുകാർ കുമ്മിയടിച്ച് കളിച്ചു. നിടുവാലൂരിൽ നിന്നും കണ്ണൻ മാഷും മറ്റും എത്തിയാണ് കുമ്മിയടി ഞങ്ങളെ പഠിപ്പിച്ചത്.

എന്നും നല്ല നിലവാരം പുലർത്തിയ ഈ സ്കൂളിൽ തന്നെയാണ് എന്റെ മക്കളും പഠിച്ചത്. അനാദായകരം എന്ന പേരിൽ ഈ സരസ്വതി ക്ഷേത്രം പൂട്ടരുതേ എന്നേ പറയാനുള്ളൂ.

## വീടും മരവും



ആത്മീയ കെവി
ക്ലാസ്സ് -3

പണ്ട് പണ്ട് ഒരു വീട് ഉണ്ടായിരുന്നു. അതിന്റെ ഒപ്പം ദുഷ്ടനായ മരം ഉണ്ടായിരുന്നു. മരം എപ്പോഴും വീടിനെ കളിയാക്കി ചിരിക്കുമായിരുന്നു. ഒരു ദിവസം മരം വെട്ടുകാരൻ വന്നു. മരം പേടിച്ചു. മരം കരഞ്ഞു. വീട് മരത്തിനോട് പറഞ്ഞു. ഏ മരം കരയരുത്. നിർത്തു. വീട് മരം വെട്ടുകാരനോട് പറഞ്ഞു. ഈ മരം മുറിക്കരുതേ. കരഞ്ഞു കൊണ്ട് പറഞ്ഞു. മരം വെട്ടുകാരൻ പോയി. മരം വീടിനോട് നന്ദി പറഞ്ഞു. അവർ കൂട്ടുകാരായി. ആ ദിവസം അവർ ചിരിച്ചും പാട്ടുപാടിയും കളിച്ചു. മരം മരത്തിന്റെ പഴങ്ങൾ തിന്നാൻ കൊടുത്തു.

## ആസ്വാദനക്കുറിപ്പ്



അയൻ കൃഷ്ണൻ കെ എം
ക്ലാസ്സ് - 2

സത്യചന്ദ്രൻ പൊയിൽക്കാവ് എഴുതിയ വിസ്മയ പറയുന്ന കഥ എന്ന പുസ്തകമാണ് ഞാൻ വായിച്ചത്. കുട്ടികൾക്ക് വായിച്ച് രസിക്കാൻ കഴിയുന്ന ഒരു നല്ല പുസ്തകമാണിത്.

മൂന്നാം ക്ലാസിലെ കുട്ടിയായ വിസ്മയയുടെ കഥയാണ് പറയുന്നത്. വിസ്മയ ഒരു ദിവസം പരിസര കുറിപ്പ് എഴുതാത്തതിനാൽ സ്കൂളിലേക്ക് വളരെ വിഷമത്തോടെയാണ് ചെന്നത്. സ്കൂളിൽ നിന്ന് മാഷ് എഴുതാത്തതിന്റെ കാരണം ചോദിച്ചു. മാഷിനോട് അവൾ രാവിലെ നടന്ന സംഭവം വിവരിച്ചു. രാവിലെ എഴുന്നേറ്റ് മുറ്റത്തിറങ്ങിയവൾ ചെണ്ടുമല്ലിയുടെ ചുവട്ടിൽ ഒരു മൈന ചത്തതുപോലെ കിടക്കുന്നത് കണ്ടു. അതിന്റെ കാലിൽ എന്തോ മുറിവ് പറ്റിയിരുന്നു. അവൾക്ക് വളരെ വിഷമം തോന്നി. കുറച്ച് വെള്ളമെടുത്ത് മൈനയുടെ വായിൽ ഒഴിച്ചുകൊടുക്കുകയും കാലിലെ മുറിവ് കഷ്ണം തുണികൊണ്ട് കെട്ടിക്കൊടുക്കുകയും ചെയ്തു. അപ്പോൾ ആ കൊച്ചു മൈന കണ്ണുതുറന്നു. അമ്മയുടെ വിളി വന്നതിനാൽ അവൾ അകത്തേക്ക് ഓടിപ്പോയി. വേഗം തന്നെ സ്കൂളിലേക്ക് പോകാൻ ഒരുങ്ങി മുറ്റത്തിറങ്ങിയപ്പോൾ ചെണ്ടുമല്ലി ചുവട്ടിൽ ആ മൈനയെ കാണുന്നില്ല. അവൾ വിഷമത്തോടെ ചുറ്റും നോക്കിയപ്പോൾ പുളിമരത്തിൽ മൈന അവളെയും നോക്കിയിരിക്കുന്നുണ്ടായിരുന്നു. ഈ സംഭവം നടന്നതിനാലാണ് അവൾ പരിസര കുറിപ്പ് എഴുതാതെ സ്കൂളിലേക്ക് പോയത്. മാഷ് വഴക്കു പറയും എന്ന് കരുതി തലകുനിച്ചു നിന്ന വിസ്മയയെ മാഷും കുട്ടികളും കയ്യടിച്ച് അഭിനന്ദിച്ചു, കൂടാതെ ഇതുതന്നെയാണ് ഏറ്റവും വലിയ പരിസര പാഠവും കുറിപ്പുമെന്ന് മാഷ് എല്ലാവരോടും പറഞ്ഞു. കഥയിലെ പ്രധാന കഥാപാത്രങ്ങളായ വിസ്മയയും ഗീതാനന്ദൻ മാഷും പരിസ്ഥിതിയെയും അതിലെ ജീവജാലങ്ങളെയും നാം സംരക്ഷിക്കണമെന്ന സന്ദേശം വായനക്കാർക്ക് നൽകുന്നു.

എനിക്കീ കഥ ഇഷ്ടപ്പെട്ടു. ഇന്നത്തെ തലമുറ പരിസ്ഥിതിയോട് വളരെ ക്രൂരമായ മനോഭാവമാണ് പ്രകടിപ്പിക്കുന്നത്. ഈ കഥയിലൂടെ പരിസ്ഥിതിയെയും ജീവജാലങ്ങളെയും സ്നേഹിക്കാൻ കഥാകാരൻ നമ്മോട് പറയുന്നു.

# മികവിലേക്കു കുതിക്കുന്ന പരിപ്പായി ഗവ: എൽ.പി.സ്കൂൾ

ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ഏക ഗവ: എൽ.പി സ്കൂളായ, ഗവ: എൽ.പി. സ്കൂൾ പരിപ്പായി മികവിലേക്കു കുതിച്ചുയരുകയാണ്. നിരവധിയായ അക്കാദമിക പ്രവർത്തനങ്ങളും അക്കാദമികേതര പ്രവർത്തനങ്ങളും സംഘടിപ്പിച്ച് അതിന്റെ അറുപത്തിയെട്ടാം വാർഷികാഘോഷങ്ങൾ 2023 ഏപ്രിൽ 1 ന് 7 മണിക്ക് ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.പി.മോഹനന്റെ അധ്യക്ഷതയിൽ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സി.എം.കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. അന്തരിച്ച സ്കൂൾ ജീവനക്കാരൻ കെ ജെ. ലൂക്കോസ് അനുസ്മരണവും ഫോട്ടോ അനാച്ഛാദനവും ഇതോടൊപ്പം നടക്കുന്നു. നിടുവാലൂർ ഗ്രാമ്യ അവതരിപ്പിക്കുന്ന നാടൻ പാട്ട്, കുട്ടികളുടെ കലാപരിപാടികൾ, കോൽക്കളി, കൈകൊട്ടിക്കളിപ്പാട്ട്, കഥാപ്രസംഗം, മോണോ ആക്ട്, പരിപ്പായി, അടുക്കം അങ്കണവാടി കുട്ടികളുടെ പരിപാടികൾ, പൂർവവിദ്യാർഥികളുടെ പരിപാടികൾ, വയലിൻ വായന തുടങ്ങിയ പരിപാടികളും നടക്കുന്നു. വാർഷികത്തോടനുബന്ധിച്ച് പൂർവ വിദ്യാർഥി സംഗമം, വനിതാ സംഗമം, പഠനോത്സവം. യുറീക്കാ. പത്രമെഗാ ക്വിസ്സുകൾ, അന്വേഷിക്കൂ... കണ്ടെത്തൂ... സമ്മാനം നേടൂ.. - കുട്ടികൾ രക്ഷിതാക്കൾ, പൂർവ വിദ്യാർഥികൾ, നാട്ടുകാർ. തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.



കെ ഗോപാലൻ നായർ
മുൻ ഹെഡ്മാസ്റ്റർ

## ഒരുവട്ടം കൂടി .....

ആയിരം സ്മരണകളോടിയെത്തുന്നു മുന്നിൽ
ആവേശ ഭരിതമാം പാവന മുഹൂർത്തത്തിൽ
ആനന്ദപുളകമായീടുന്നു മനോരഥം
ആശംസയരുളീടാൻ ഹൃദയം തുടിക്കുന്നു
അന്നൊരേകാദ്ധ്യാപക പാഠശാലയായ് പിറന്നി -
ന്നോളമെത്ര പേർക്ക് വിജ്ഞാനം പകർന്നു നീ
ഉന്നതർ പലരും നിന്നന്തേവാസികളത്രേ
സന്തതം തവനാമം രോമാഞ്ചമണിയിക്കും
താവക പാദപൂജക്കെത്തിയ ഗുരുക്കന്മാർ
പ്രാഗത്ഭ്യമേറും മഹാപണ്ഡിതർ  പലരവർ
ആ മഹാ ശൃംഗലയിലൊരു കണ്ണിയായി തീരാൻ
ഭാഗ്യമുണ്ടായതെന്റെ മുജ്ജന്മ സുകൃതമാം
കേവലം എൽപി സ്കൂൾ പദവി മാത്രം നേടി
പൂർണമാകണമെന്നോ താവക, വിധിബലം
ഭാവിയിൽ ഗ്രാമത്തിന്റെ വിജ്ഞാന ദീപമായി
യുപിയായി വിലസട്ടെ ഈ മഹാവിദ്യാലയം
ഭാവുകം നേരുന്നു ഞാൻ പരിപ്പായി ജിഎൽപി
സ്കൂളൊരു ഭദ്രദീപമായി വിളങ്ങട്ടെ ചേലിൽ

## കുഞ്ഞുണ്ണി കവിതകൾ



വഴിയിൽ കിടക്കുന്ന മുള്ളെടുത്തങ്ങോട്ടു
വഴിവക്കിലുള്ളൊരു വേലിമേൽ വയ്ക്കുകിൻ
വലിയവൻ ചെറുതാകില്ല
ചെറിയവൻ വലിയവനാകും

വലിയൊരീ ലോകം
മുഴുവൻ നന്നാക്കാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക

ഇല്ലായ്മകൊണ്ടും വലുതാകണം നാം
വല്ലായ്മകൊണ്ടും വലുതാകണം നാം

കാക്കുന്നോൻ ചെറുതായാൽ
കക്കുന്നോനായിത്തീരും
കക്കുന്നോൻ വലുതായാൽ
കാക്കുന്നോനായിത്തീരും

വിഡ്ഢിത്തം കാണിച്ചാലു
മൽപ്പത്തം കാണിക്കൊല്ല

തന്നെത്താൻ ഗുരുവാക്കണം
തന്നെത്താൻ ശിഷ്യനാക്കണം

അമ്മയെ വാഴ്ത്താത്തവൻ
തന്നെത്താനികഴ്ത്തുന്നോൻ

ആഹാരം ശുദ്ധമായെന്നാൽ
ശരീരം ശുദ്ധമായീടും

### പൂർവ്വവിദ്യാർത്ഥി സംഘടന



ഇ.പി.ജഗന്നാഥൻ
പ്രസിഡണ്ട്



വത്സൻ പി.പി
വൈസ് പ്രസിഡണ്ട്



രത്നവല്ലി പി.പി.
വൈസ് പ്രസിഡണ്ട്



കെ.രാഘവൻ മാസ്റ്റർ
സെക്രട്ടറി



നസീറ പി.പി.
ജോ: സെക്രട്ടറി



പി.പി.വിജിത്ത്
ജോ:സെക്രട്ടറി



കെ. പി. അനിൽകുമാർ
ട്രഷറർ

# വായന ചങ്ങാത്തം



7 ഘട്ടങ്ങൾ വരെ നടത്തിയ വായന ചങ്ങാത്തം വമ്പിച്ച വിജയമായി തീർന്നു. കുട്ടികളിലും രക്ഷിതാക്കളിലും വായനാശീലം ശക്തമാക്കാൻ ഇതുമൂലം സാധിച്ചു.നാലാം ഘട്ടം നാലാം ക്ലാസിലെ അന്വയ് എം സി യുടെ വീട്ടിൽ വച്ച് നടന്നു. കെ രമ്യയുടെ അധ്യക്ഷതയിൽ ഇരിക്കൂർ ബി ആർ സി കോഡിനേറ്റർ വിപിന ടീച്ചർ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ അവതരണങ്ങൾ നടന്നു. അഞ്ചാം ഘട്ടം മൂന്നാം ക്ലാസിലെ കെ.വി ആത്മീയയുടെ വീട്ടിൽ വച്ച് നടന്നു. കെ വി സജിയുടെ അധ്യക്ഷതയിൽ അരീക്കമല ഗവൺമെന്റ് യുപി ഹെഡ്മാസ്റ്റർ കെ.വി മനോഹരൻ ഉദ്ഘാടനം ചെയ്തു. ആറാംഘട്ടം മൂന്നാം ക്ലാസിലെ ഷാൻ പ്രശാന്തിന്റെ വീട്ടിൽ വച്ച് നടന്നു. ടിവി രശ്മിയുടെ അധ്യക്ഷതയിൽ ടി ഗംഗാധരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഏഴാംഘട്ടവും ഈ വർഷത്തെ സമാപനവും മൂന്നാം ക്ലാസിലെ പി മയൂഖയുടെ വീട്ടിൽ വെച്ച് നടന്നു. ഇരിക്കൂർ ബി ആർ സി ട്രെയിനർ എംകെ ഉണ്ണികൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.




27 കുട്ടികൾ 4 അധ്യാപകർ 14 രക്ഷിതാക്കൾ എന്നിവർ പഠനയാത്ര സംഘടിപ്പിച്ചു. സ്നേക്ക് പാർക്ക്, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലേക്കാണ് പോയത്. എല്ലാവരിലും ആവേശം ഉളവാക്കാൻ ഈ യാത്രയ്ക്ക് സാധിച്ചു.

# ലോക മാതൃഭാഷാ ദിനം




സമുചിതമായി ആചരിച്ചു. പ്രത്യേക അസംബ്ലി, പ്രതിജ്ഞ, പാട്ടുകളുടെ അവതരണം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

# ഭാഷോത്സവം



എസ്.എസ്.കെ നടത്തിയ ചെങ്ങളായി ഗ്രാമപഞ്ചായത്ത് തല ഭാഷോത്സവത്തിൽ പി.കൗശിക്, കെ.സി.നവതേജ്, പി.വി കൃഷ്ണരാഗ് എന്നീ കുട്ടികളും പി.വി രശ്മി, പി സനിത, കെ.സി രസ്ന എന്നീ രക്ഷിതാക്കളും പങ്കെടുത്തു. ഇതിൽ പി സനിതയെയും പി വി രശ്മിയെയും ഉപജില്ലാതല ഭാഷോത്സവത്തിലേക്ക് തിരഞ്ഞെടുത്തു. അഭിനന്ദനങ്ങൾ! ശ്രീകണ്ഠപുരം കെ നാരായണൻ ഹാളിൽ വച്ച് നടന്ന ഭാഷോത്സവത്തിൽ ഇവർ പങ്കെടുത്തു.



പി സനിത



പി വി രശ്മി




നമ്മുടെ സ്കൂളിന്റെ 68-ാം വാർഷികാഘോഷത്തിന്റെ സംഘാടകസമിതി രൂപീകരിച്ചു. രൂപീകരണയോഗം വാർഡ് മെമ്പർ കെ.വി ഉഷാകുമാരിയുടെ അധ്യക്ഷതയിൽ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.എം പ്രജോഷ് ഉദ്ഘാടനം ചെയ്തു. കെ വി സജി, ടി വിനീഷ, പി വി കുഞ്ഞികൃഷ്ണൻ, പി സനിത എന്നിവർ ആശംസകൾ നേർന്നു. 25 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു. എം.എൽ.എ, പഞ്ചായത്ത് പ്രസിഡണ്ട്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, വാർഡ് മെമ്പർ എന്നിവർ രക്ഷാധികാരികളായും എം.വി നാരായണൻ കൺവീനറായും കെ.വി സജി ചെയർമാനായുമുള്ള കമ്മിറ്റിയാണ് രൂപീകരിച്ചത്. മികച്ച പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് ആക്രി ചലഞ്ച് വൻ വിജയമായിരുന്നു.

## പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ-വാകമരച്ചോട്ടിൽ




പൂർവ്വ വിദ്യാർത്ഥി പി പി വിജിത്ത് മുൻകൈയെടുത്തുകൊണ്ടാണ് വാകമരച്ചോട്ടിൽ എന്ന വാട്സ്ആപ്പ് കൂട്ടായ്മ ഉണ്ടാക്കിയത്. പൂർവ്വ വിദ്യാർത്ഥി സംഗമത്തിന്റെ പ്രചരണാർത്ഥം തയ്യാറാക്കിയ പോസ്റ്ററിന്റെ പ്രകാശന കർമ്മം പൂർവ്വ വിദ്യാർത്ഥി കൂടിയായ ഡോക്ടർ മനു മാത്യു നിർവഹിച്ചു. ഹെഡ്മാസ്റ്റർ, കെ വി ഉഷാകുമാരി, കെ.വി സജിത്ത്, പി.വി കുഞ്ഞി കൃഷ്ണൻ, കെ.പി അനിൽകുമാർ, പി.പി വിജിത്ത് എന്നിവർ പങ്കെടുത്തു.



## അന്തരിച്ചു

**ലൂക്കോസ് കെ ജെ**

സ്കൂൾ പി.ടി.സി.എം ആയ ശ്രീ. ലൂക്കോസ് കെ ജെ അന്തരിച്ചു. പെട്ടെന്നുള്ള വേർപാട് എല്ലാവരെയും തീരാദുഃഖത്തിലാഴ്ത്തി. സ്കൂളിൽ എത്തിച്ച മൃതശരീരത്തെ കുട്ടികളും രക്ഷിതാക്കളും നാട്ടുകാരും അധ്യാപകരും ഒരു നോക്കു കണ്ടു. രക്ഷിതാക്കളും നാട്ടുകാരും അദ്ദേഹത്തിന്റെ വീട്ടിൽ നേരിട്ട് പോയി ആദരാഞ്ജലികൾ അർപ്പിച്ചു. സ്കൂളിൽ ചേർന്ന അനുശോചന യോഗത്തിൽ ഹെഡ്മാസ്റ്റർ അനുശോചന പ്രമേയം അവതരിപ്പിച്ചു. കെ വി സജി, പി വി കുഞ്ഞികൃഷ്ണൻ, കെ രാഘവൻ മാസ്റ്റർ, ടി വിനിഷ, പി സനിത, കെ വിലാസിനി, സി കുഞ്ഞിരാമൻ, പി പ്രീജ, പി ലചന എന്നിവർ സംസാരിച്ചു.

## ഫീൽഡ് ട്രിപ്പ്



പരിപ്പായി വയലിൽ നെല്ലു കൊയ്യുന്നത് കാണാൻ സ്കൂളിലെ എല്ലാ കുട്ടികളും ഫീൽഡ് ട്രിപ്പ് നടത്തി. കെ വി അനിത, പി നദീറ, പി വി രശ്മി എന്നിവർ നേതൃത്വം നൽകി. നെല്ല് കൊയ്യുന്നതും നെല്ല് വേർതിരിച്ചെടുക്കുന്നതും കുട്ടികൾക്ക് കാണിച്ചു കൊടുത്തു. എസ് എസ് ജി കൺവീനർ പി വി കുഞ്ഞികൃഷ്ണൻ, എം വി കൃഷ്ണൻ, എ. കെ രാമദാസ്, കെ വിലാസിനി, പി പി വത്സൻ എന്നിവർ വിശദീകരിച്ചു കൊടുത്തു.

## വനിതാ കൂട്ടായ്മ



വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. ടി.വി നിഷയുടെ അധ്യക്ഷതയിൽ പി. സനിത ഉദ്ഘാടനം ചെയ്തു. കിലഫാക്കൽറ്റി അംഗം വിലാസിനി ടീച്ചർ ക്ലാസ്സെടുത്തു. എം.വി. നാരായണൻ സ്വാഗതവും കെ.വി. അനിത നന്ദിയും പറഞ്ഞു.

## പഠനോത്സവം




വാർഡ് മെമ്പർ കെ വി ഉഷാകുമാരിയുടെ അധ്യക്ഷതയിൽ ഇരിക്കൂർ ബി ആർ സി ട്രെയിനറും സാഹിത്യകാരനുമായ എംകെ ഉണ്ണികൃഷ്ണൻ ഉദ്ഘാടനകർമ്മം നിർവഹിച്ചു. സി ആർ സി കോഡിനേറ്റർ സതീദേവി പദ്ധതി വിശദീകരണം നടത്തി. പിടിഎ പ്രസിഡണ്ട് കെ വി സജി, മദർ പി ടി എ പ്രസിഡണ്ട് ശ്രീമതി. ടി. വിനിഷ, SSG കൺവീനർ പി വി കുഞ്ഞികൃഷ്ണൻ, പിടിഎ വൈസ് പ്രസിഡണ്ട് പി.സനിത, മദർ പി ടി എ വൈസ് പ്രസിഡണ്ട് കെ രമ്യ, സീനിയർ അസിസ്റ്റന്റ് കെ.വി അനിത എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കുട്ടികളുടെ അവതരണവും പ്രദർശനങ്ങളും നടന്നു. ഹെഡ്മാസ്റ്റർ എം വി നാരായണൻ സ്വാഗതവും പി നദീറ നന്ദിയും പറഞ്ഞു.



## യുറീക്കാ പത്ര മെഗാ ക്വിസ്സുകൾ

കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി സംഘടിപ്പിച്ചു. 20 ചോദ്യങ്ങൾ വീതമുള്ള ക്വിസ്സുകളാണ് സംഘടിപ്പിച്ചത്. ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള പത്രങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ പത്ര ക്വിസ്സിനും, മാർച്ച് വരെയുള്ള യുറീക്കയെ ആസ്പദമാക്കിയുള്ള ചോദ്യങ്ങൾ യുറീക്ക ക്വിസ്സിനും ചോദിച്ചു. വിജയികളെ പ്രത്യേകം അഭിനന്ദിച്ചു.

### പത്ര മെഗാ ക്വിസ്സ് – കുട്ടികൾ

1. പി വി കൃഷ്ണരാഗ്
2. കെ സി നവതേജ്

**രക്ഷിതാക്കൾ**

1. പി സനിത
2. രജിന പി വി

### യൂറിക്ക മെഗാ ക്വിസ്സ് – കുട്ടികൾ

1. ശ്രീയ പ്രകാശ്
2. ദേവദർശ് പി വി
3. അയൺ കൃഷ്ണ
4. മുഹമ്മദ് ഷാമിൽ
5. പി വി കൃഷ്ണരാഗ്
6. എംസി അന്വയ്

## അന്വേഷിക്കൂ... കണ്ടെത്തൂ... സമ്മാനം നേടൂ...

68-ാം വാർഷികത്തിന്റെ ഭാഗമായി കുട്ടികൾ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവർക്ക് 20 ചോദ്യങ്ങൾ അടങ്ങിയ അന്വേഷിക്കൂ... കണ്ടെത്തൂ... സമ്മാനം നേടൂ.... എന്നറിയപ്പെടുന്ന പ്രത്യേക മത്സരങ്ങൾ സംഘടിപ്പിച്ചു.

### ഇവരാണ് താരങ്ങൾ

### റിപ്പബ്ലിക് ദിന ക്വിസ്സ്

1. ടിവി കൃഷ്ണരാഗ് - III
2. പി ഇഷാനി - III
3. പി കാശിക് - IV

### യുറീക്ക ക്വിസ്സ് – ജനുവരി

**കുട്ടികൾ ഒന്ന്, രണ്ട് ക്ലാസുകൾ**

1. അയൻ കൃഷ്ണ
2. ദേവദർശ് പി വി
3. ശ്രീയ പ്രകാശ്

**കുട്ടികൾ മൂന്ന്, നാല് ക്ലാസുകൾ**

1. പി വി കൃഷ്ണരാഗ്
2. കെ സി നവതേജ്
3. എംസി അന്വയ്

**രക്ഷിതാക്കൾ**

1. പി സനിത
2. രജിന പി വി
3. ധന്യ പ്രകാശ്
4. ഇ കെ രസ്ന

### യുറീക്ക ക്വിസ്സ് – ഫെബ്രുവരി

**കുട്ടികൾ ഒന്ന്, രണ്ട് ക്ലാസുകൾ**

1. ദേവദർശ് പി വി
2. ശ്രീയ പ്രകാശ്
3. അയൻ കൃഷ്ണ

**കുട്ടികൾ മൂന്ന്, നാല് ക്ലാസുകൾ**

1. പി വി കൃഷ്ണരാഗ്
2. പി കൗശിക്
3. ഇ അഞ്ജന

**രക്ഷിതാക്കൾ**

1. പി വി രശ്മി
2. പി സനിത
3. ധന്യ പ്രകാശ്

### പത്ര ക്വിസ് – ജനുവരി

**കുട്ടികൾ**

1. പി വി കൃഷ്ണരാഗ്
2. പി ഇഷാനി

### പത്ര ക്വിസ് – ഫെബ്രുവരി

**കുട്ടികൾ**

1. പി വി കൃഷ്ണരാഗ്
2. പി കൗശിക്

### യുറീക്ക ക്വിസ്സ് – മാർച്ച്

**കുട്ടികൾ ഒന്ന്, രണ്ട് ക്ലാസുകൾ**

1. ദേവദർശ് പി വി
2. അയൻ കൃഷ്ണ
3. സൂര്യവേണി

**കുട്ടികൾ മൂന്ന്, നാല് ക്ലാസുകൾ**

1. പി വി കൃഷ്ണരാഗ്
2. എംസി അന്വയ്

**രക്ഷിതാക്കൾ**

1. പി വി രശ്മി
2. ധന്യ പ്രകാശ്
3. പി സനിത

### അന്വേഷിക്കൂ... കണ്ടെത്തൂ... സമ്മാനം നേടൂ...

**ഫെബ്രുവരി പരിപ്പായി വസന്തം**

**കുട്ടികൾ**

1. ശ്രീയ പ്രകാശ്
2. പി കൗശിക്

**രക്ഷിതാക്കൾ**

1. പി സനിത
2. ധന്യ പ്രകാശ്

ആസ്വാദനക്കുറിപ്പ്:

## തോരാ മഴയത്ത്



മയൂഖ പി
ക്ലാസ് -3

സി ബാലകൃഷ്ണന്റെ 'തോരാമഴയത്ത് ' എന്ന കൃതി എനിക്ക് വളരെയധികം ഇഷ്ടമായി. ഈ കൃതിയിൽ ദരിദ്രനായി വിശന്നു വലഞ്ഞ് കയ്യിൽ ഒന്നും കഴിക്കാൻ ഇല്ലാതെ നടക്കുന്ന ഒരു മനുഷ്യന്റെ കഥയാണ് തോരാമഴയത്ത് എന്ന കഥയിൽ സൂചിപ്പിക്കുന്നത്. വൈകി സ്കൂളിലേക്ക് വരികയായിരുന്ന ഒരു പെൺകുട്ടിയും ഒരു യാചകനുമാണ് കഥയിലെ കേന്ദ്ര കഥാപാത്രങ്ങൾ. പെൺകുട്ടിയുടെ മുന്നിലേക്ക് ചാടി വീഴുകയായിരുന്നു യാചകൻ. അതുകണ്ട് പെൺകുട്ടി ഭയന്നു പിന്മാറി. അയാൾ അവളുടെ ചോറ്റുപാത്രം ആവശ്യപ്പെട്ടു. ആ പെൺകുട്ടി അവളുടെ ചോറ്റുപാത്രം എടുത്ത് അയാളുടെ മുന്നിലേക്ക് നീട്ടി. അയാൾ ആർത്തിയോടെ ഭക്ഷണം കഴിച്ചു. അവളത് സംതൃപ്തിയോടെ നോക്കി നിന്നു. അയാൾ അവളോട് നന്ദി പറഞ്ഞു. അവൾ ഒന്നുമാത്രം അയാളോട് ആവശ്യപ്പെട്ടു..... അവളുടെ കാലിയായ ചോറ്റുപാത്രം അത് എന്തിനാണെന്ന് അയാൾ ചോദിച്ചു. തിരികെ കൊണ്ടുവന്നില്ലെങ്കിൽ അമ്മ വഴക്കു പറയുമെന്നായിരുന്നു മറുപടി. അത്ഭുതത്തോടെ ആ കുരുന്നു മുഖത്തേക്ക് അയാൾ ഒന്നു നോക്കി. പുഞ്ചിരിയോടെ അവൾ അയാളുടെ മുഖത്തേക്കും നോക്കി. ആ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.